<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു ചോദ്യം ചോദിക്കുന്നു, ആ ചോദ്യം ബഹു. ഡെപ്യൂട്ടി സ്പീക്കർ അനുവദിച്ച ചോദ്യമാണ്. ആ ചോദ്യത്തിന് മന്ത്രി മറുപടി നൽകില്ലായെന്ന് ഏത് റൂൾ പ്രകാരമാണ് നിലപാടെടുത്തത്. ഏത് റൂളിലാണ് അങ്ങനെയുള്ളത്.... (ബഹളം).....അങ്ങനെ എവിടെയാണുള്ളത്;

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ആ പർട്ടിക്കുലർ ചോദ്യത്തെ സംബന്ധിച്ച് രണ്ട് മന്ത്രിമാർ മറുപടി പറഞ്ഞു. പ്രതിപക്ഷ നേതാവാണെങ്കിൽപ്പോലും ഒരു ചോദ്യം കഴിഞ്ഞ് അടുത്ത ചോദ്യത്തിലേക്ക് പ്രവേശിച്ചതിനുശേഷം ആ ചോദ്യം....(ബഹളം).....പ്രതിപക്ഷനേതാവ് അതാണ് ചോദിക്കുന്നതെന്ന് എനിക്കറിയില്ലായിരുന്നു. ........(ബഹളം).....പ്രതിപക്ഷ നേതാവ് എന്താണ് ചോദിക്കുന്നതെന്ന് എനിക്കറിയാമോ; എനിക്കറിയില്ലല്ലോ.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, മെമ്പർമാരെല്ലാം തുടർച്ചയായി ഒരു ചോദ്യം ചോദിച്ചപ്പോൾ അതേ ചോദ്യത്തിന് ഒരു തരത്തിലുള്ള ഉത്തരവും ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും ഉണ്ടാകാതെ വന്നപ്പോഴാണ് ഞാൻ എഴുന്നേറ്റ് ആ പ്രശ്നം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഡെപ്യൂട്ടി സ്പീക്കർ, ആ മന്ത്രിയെ രക്ഷിക്കാൻ

വേണ്ടി ബഹുമാനപ്പെട്ട മെമ്പർ ഈ സ്ഥാനം ദുരുപയോഗം ചെയ്യുകയാണ്. മന്ത്രിമാർക്കുവേണ്ടി ഈ സ്ഥാനം ദുരുപയോഗം ചെയ്യുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് പറയട്ടെ. അങ്ങയോട് ബഹുമാനമുള്ള ഒരാളാണ് ഞാൻ. ചെയറിന് അങ്ങയോട് ബഹുമാനമാണ്. പക്ഷേ അങ്ങ് ചോദിക്കാൻ പോകുന്നത് എന്താണെന്ന് അറിയില്ലായിരുന്നു. ഒരു ചോദ്യം കഴിഞ്ഞ് അടുത്ത ചോദ്യത്തിലേക്ക് പ്രവേശിച്ചതിനുശേഷം ഒരു ചോദ്യം ചോദിച്ചാൽ അനുവദിക്കാൻ നിർവ്വാഹമില്ല. പ്രതിപക്ഷ നേതാവ് എപ്പോൾ ചോദ്യം ചോദിക്കാൻ ചോദിച്ചാലും അനുവദിക്കുന്നതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സഭയിൽ അങ്ങ് വരുന്നതിനുമുമ്പ് വന്ന ആളാണ് ഞാൻ. അത് മനസ്സിലാക്കണം. സഹപ്രവർത്തകരായ മെമ്പർമാരുടെ ചോദ്യത്തിന് ഒരുത്തരവും പറയിക്കാൻ നിങ്ങൾക്ക് കഴിയാതെ വന്ന സാഹചര്യത്തിലാണ് ഞാൻ എഴുന്നേറ്റ് ഇക്കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അതിന് ഉത്തരം പറയിക്കാൻ താങ്കൾക്ക് കഴിഞ്ഞിട്ടില്ല. നിങ്ങൾ നിങ്ങളുടെ ഈ സ്ഥാനം മന്ത്രിമാർക്കുവേണ്ടി ദുരുപയോഗം ചെയ്യരുത് എന്നാണ് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നത്.

<u>മി.ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ഞാൻ ബഹുമാനത്തോടുകൂടി കൂടി പറയട്ടെ, അങ്ങ് ഞാൻ വരുന്നതിനുമുമ്പ് വന്നു എന്നുമാത്രമല്ല, ഈ സഭയിലെ ഏറ്റവും പ്രായമുള്ള അംഗവും കൂടിയാണ്. ആ ബഹുമാനം ഞങ്ങൾ നിലനിർത്തുന്നു. ആ ബഹുമാനത്തോടുകൂടി അങ്ങയെ കാണുകയും ചെയ്യുന്നു. പക്ഷേ നിയമസഭയുടെ നടപടിക്രമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കാൻ ചെയറിന് അധികാരമില്ല എന്നുള്ളതുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.